LIBRARY ARCHIVES Kerala Legislative Assembly

ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തന പദ്ധതി

158 (1201) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തന പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ത് ഘടകയൂടെ പദ്ധതിക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

(ബി) എന്തെല്ലാം ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മലപ്പുറം ജില്ലയിൽ എവിടെയൊക്കെയാണ് ഇതുസംബന്ധിച്ച് സ്ഥിരം പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) മലപ്പുറം ജില്ലയിലെ തീരദേശമണ്ഡലമായ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേരളമുൾപ്പെടെ 4 സംസ്ഥാനങ്ങളിൽ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പദ്ധതി 2-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ലോക ബാങ്കിനോട് കേന്ദ്ര സർക്കാർ ശിപാർശ ചെയ്തതിനെത്തുടർന്ന് പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘടക പദ്ധതിയായ ഷെൽട്ടർ നിർമ്മാണത്തിന് കേരള സംസ്ഥാനത്തിന് 22.3 ദശലക്ഷം ഡോളർ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) (എ) മുന്നറിയിപ്പ് സംവിധാനം

(ബി) ഷെൽട്ടറുകളുടെ നിർമ്മാണം

(സി) ദുരന്താഘാതം വിലയിരുത്തുന്നതിനും നേരിടുന്നതിനും ആവശ്യമായ സാങ്കേതിക സഹായം

(ഡി) ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ പ്രദേശവാസികൾക്ക് ആവശ്യമായ പരിശീലനം

(ഇ) പദ്ധതി നിർവ്വഹണ യൂണിറ്റിന് (PIU) ആവശ്യമായ സഹായം.

(സി&ഡി) ഏതെല്ലാം പ്രദേശങ്ങളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് എന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.